കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 19 | ജനുവരി 15, 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

2 പോൾസൂസെ കനാൽ കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

3 കൃഷി ഫാമുകളുടെ പ്രവർത്തനം കാർഷിക മേഖലയ്ക്ക് മുതൽക്കൂട്ട് - കൃഷിമന്ത്രി

5 വിലക്കയറ്റം പിടിച്ചുനിർത്താൻ സകുടുംബം കൃഷിയിലേക്കിറങ്ങണം : കൃഷിമന്ത്രി പി. പ്രസാദ്

# അടുക്കളയ്ക്കായി അടുക്ക്കൃഷി - വെർട്ടിക്കൽ ഗാർഡൻ മാതൃക കൃഷിമന്ത്രി ഉദ്ഘാടനം ചെയ്തു

നഗരവാസികളെ പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തമാക്കുവാൻ ICAR ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് രൂപപ്പെടുത്തിയ വെർട്ടിക്കൽ ഗാർഡനിംഗ് സമ്പ്രദായത്തിന്റെ ഉദ്ഘാടനം സെക്രട്ടറിയേറ്റ് വളപ്പിൽ കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് നിർവ്വഹിച്ചു. ഗതാഗതവകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജു, വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

വരും തലമുറയ്ക്ക് വിനോദവും മാനസികോല്ലാസവും പ്രദാനം ചെയ്യുന്നതോടൊപ്പം വീട്ടുവളപ്പിൽ നിന്നു തന്നെ വിഷരഹിതമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന ഒരു സംസ്കാരം വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടെ വിഭാവനം ചെയ്തിട്ടുള്ളതാണ് പദ്ധതിയെന്ന് വെർട്ടിക്കൽ ഗാർഡൻ ഉദ്ഘാടനം ചെയ്തുകൃഷി മന്ത്രി ശ്രീ.പി. പ്രസാദ് പറഞ്ഞു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2021-22 സാമ്പത്തിക വർഷത്തിൽ 340 അർക്ക വെർട്ടിക്കൽ ഗാർഡൻ യൂണിറ്റുകൾ കേരളത്തിൽ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും മുൻതൂക്കം നൽകിക്കൊണ്ട് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർജില്ലകളിലെ നഗരപരിധിയിലുള്ള പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

ഒരു സ്ക്വയർമീറ്റർ വിസ്തൃതിയിൽ



സൂര്യപ്രകാശം യഥേഷ്ടം ലഭിക്കുന്ന സ്ഥലത്ത് പ്രസ്തുത സ്ട്രക്ച്ചർ സ്ഥാപിക്കാം. ഈ സ്ട്രക്ച്ചറിൽ ചക്രങ്ങൾ ഘടിപ്പിച്ചിരിക്കുന്നതിനാൽ ഒരു സ്ഥലത്ത് നിന്നും മറ്റൊരുസ്ഥലത്തേക്ക് മാറ്റിവയ്ക്കാവുന്നതാണ്. ഇതിൽ 16 ചെടിചട്ടികളും ,80 കിലോ ഭാരമുള്ള പരിപോഷിപ്പിച്ച നടീൽ മാധ്യമവും (ചകിരിച്ചോർ), 25 ലിറ്റർ സംഭരണ ശേഷിയുള്ള തുള്ളിനന സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ICAR ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് രൂപപ്പെടുത്തിയ അർക്ക പോഷക രസ്‌ലായനി പദ്ധതിയുടെ സവിശേഷതയാണ്.

അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചർ ഒരു യൂണിറ്റിന് ഏകദേശം 24000/-രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 25% തുകയായ 6000/-രൂപ ഗുണഭോക്തൃവിഹിതവുമായിരിക്കും. മുളക്, കത്തിരിക്ക, തക്കാളി, ബീൻസ്, ഫ്രഞ്ച് ബീൻസ്, ചീര, പാലക്, മല്ലി, റാഡിഷ് എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു യൂണിറ്റിന്റെ കാലാവധി 15 വർഷം വരെ കണക്കാക്കുന്നു.

ചടങ്ങിൽ ചീഫ് സെക്രട്ടറി ഡോ. വി.പി ജോയ് ഐ.എ.എസ്., കാർഷികോത്പാദന കമ്മീഷണർ ശ്രീമതി ഇഷിതാറോയ് ഐ.എ.എസ്, കൃഷി ഡയറക്ടർ ശ്രീ. സുഭാഷ്. റ്റി. വി. ഐ.എ.എസ്, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ശ്രീമതി. ആരതി എൽ.ആർ. ഐ.ഇ.എസ്., കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. ശിവരാമകൃഷ്ണൻ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ. ജോർജ്ജ് സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എസ്. ശരത്ചന്ദ്രകുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# കർഷകവരുമാനവർദ്ധനവും, കാർഷിക വികസനവും പ്രധാനലക്ഷ്യം : കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കർഷക വരുമാനം 50 ശതമാനമെങ്കിലും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് കൃഷിവകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് മന്ത്രി ശ്രീ പി. പ്രസാദ്. സംസ്ഥാന കൃഷിവകുപ്പും അപ്പേഡായും (അഗ്രികൾച്ചർ ആൻഡ് പ്രോസസ്ഡ് ഫുഡ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി) സംയുക്തമായി തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച എക്സ്പോർട്ട് പ്രൊമോഷൻ ഡ്രൈവ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്ന അദ്ദേഹം.

ഉത്പാദനത്തോടൊപ്പം തന്നെ സംഭരണവും, സംസ്കരണവും വിപണനവും തുല്യ പ്രാധാന്യത്തോടെയാണ് കൃഷി വകുപ്പ് കാണുന്നതെന്നും മന്ത്രി പറഞ്ഞു. പ്രകൃതി സൗഹൃദ കാർഷിക മുറകൾ വ്യാപകമാക്കുവാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി



കാർബൺ ന്യൂടൽ ഫാമിംഗ് എന്ന ആശയമാണ് സ്വീകരിച്ചിരിക്കുന്നത്. എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെ ഓരോ ഫാമുകളിൽ കാർബൺ ന്യൂടൽ കൃഷിരീതി ആദ്യഘട്ടമെന്ന നിലയിൽ നടപ്പിലാക്കും. വികസനം എന്നതിന്റെ ആദ്യലക്ഷ്യം ശുദ്ധമായ ഭക്ഷണം,വായു, ജലം എന്നിവ ഉറപ്പാക്കലാണ്. കാലാവസ്ഥാവ്യതിയാനം എന്ന വെല്ലുവിളിയെ കൃഷിയിലൂടെ മറികടക്കാൻ ആകണമെന്നും മന്ത്രി പറഞ്ഞു. അപ്പേഡാ ചെയർമാൻ ഡോ. എം. അംഗമുത്തു ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. അപ്പേഡാ ഡയറക്ടർ ശ്രീ തരുൺ ബജാജ്, കൃഷി ഡയറക്ടർ ടി.വി സുഭാഷ് ഐ എ എസ്, എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# പോൾസൂസെ കനാൽ കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മഴനിഴൽ പ്രദേശമായ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ ജലക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2020-21 വർഷത്തെ നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് പോൾസൂസൈ കനാലിന്റെ തകർന്ന കിടക്കുന്ന സ്ഥലങ്ങളിൽ 3.5 കോടി രൂപ വിനായാഗിച്ചുകൊണ്ട് പാർശ്വഭിത്തി നിർമിക്കുന്ന പദ്ധതിയുടെ ഉൽഘാടനം എരുത്തേൻപതി കെ.എ. എസ് കല്യാണ മണ്ഡപത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി ശ്രീ പി.പ്രസാദ് നിർവഹിച്ചു. ഈ പദ്ധതി പ്രകാരം വരട്ടയാർ പുഴ മുതൽ പിടാരിമേട് വരെയുള്ള




12 കിലോമീറ്റർ കനാലാണ് നിർമ്മിക്കുന്നത്. അതുവഴി വരട്ടയാർ മുതൽ മേനോൻപാറ വരെ ജലസേചനം സാധ്യമാക്കുകയും ഈ പ്രദേശങ്ങളിലുള്ള കുളങ്ങളിൽ ജലം സംഭരിക്കുകയും, തരിശു കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുകയും ചെയ്യാൻ സാധിക്കുകയും ചെയ്യും.

# കൃഷി ഫാമുകളുടെ പ്രവർത്തനം കാർഷിക മേഖലയ്ക്ക് മുതൽക്കൂട്ട് - കൃഷിമന്ത്രി

കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൃഷിഫാമുകളുടെ പ്രവർത്തനം കാർഷികമേഖലയിൽ സുപ്രധാന പങ്കാണ് വഹിക്കുന്നത് എന്ന് കൃഷിമന്ത്രി ശ്രീ പി പ്രസാദ്. വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്ത് സംഘടിപ്പിച്ച കൃഷിഫാമുകളിലെ ഉദ്യോഗസ്ഥരുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

നിലവിൽ ഓരോ ജില്ലയിലെയും ഫാമുകളുടെ അവസ്ഥയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഫാമുകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിൽ ആവിഷ്കരിക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുക എന്നിവയായിരുന്നു ഈ ഏകദിനപരിപാടിയുടെ മുഖ്യലക്ഷ്യം



# ഫാം തൊഴിലാളികളുടെ 10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം തുടങ്ങിയ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ ശുപാർശകൾ അടങ്ങുന്ന റിപ്പോർട്ട് ശമ്പള പരിഷ്കരണ സമിതി കൃഷിമന്ത്രി ശ്രീ പി. പ്രസാദിനും മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചു റാണിക്കും സമർപ്പിച്ചു. .

കാർഷിക സമൂഹത്തിന്റെ സമൂലമായ മാറ്റത്തിനും ആധുനിക കൃഷി പരിപാലനത്തിനും ആയി സർക്കാരിനൊപ്പം നിന്നുകൊണ്ട് കൃഷി മൃഗസംരക്ഷണ മേഖലകളുടെ സ്വയംപര്യാപ്തതയ്ക്കായി മണ്ണിൽ പണിയെടുക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ അദ്ധ്വാനത്തിന് പ്രതിഫലമായി ശമ്പളപരിഷ്കരണം സർക്കാർ പരിശോധിച്ച് അംഗീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.



# പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് ബിരുദദാന ചടങ്ങ് കൃഷിമന്ത്രി നിർവ്വഹിച്ചു

കൃഷിവകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർക്കായി 'സമേതി'യും ഹൈദരാബാദ് ആസ്ഥാനമായുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റും (NIPHM) സംയുക്തമായി നടപ്പാക്കുന്ന വിള ആരോഗ്യ പരിപാലനത്തിലെ ബിരുദാനന്തര ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയ നാലാമത്തെ ബാച്ചിലെ ഉദ്യോഗസ്ഥർക്കുള്ള ബിരുദദാന ചടങ്ങ് 04.01.2021ന് സമേതിയിൽ വച്ച് നടന്നു. കൃഷിവകുപ്പ് മന്ത്രി ചടങ്ങിൽ കോഴ്സ് പൂർത്തിയാക്കിയവർക്ക് ബിരുദ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ചടങ്ങിൽ കൃഷിവകുപ്പ് ഡയറക്ടർ ശ്രീ. റ്റി.വി. സുഭാഷ്. ഐ.എ.എസ് NIPHM ഡയറക്ടർ ജനറൽ (IPoS) ശ്രീ. സാഗർ ഹനുമാൻ സിങ്ങ്, പ്രൈസസ ്ബോർഡ് ചെയർമാൻ ഡോ. പി. രാജശേഖരൻ തുടങ്ങിയവർ പങ്കെടുത്തു.

# കാർഷികമേഖലയ്ക്ക് പിന്തുണ നൽകേണ്ടത് സമൂഹത്തിന്റെയും സർക്കാരിന്റെയും കർത്തവ്യം: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കാർഷികമേഖലയ്ക്ക് പ്രാധാന്യവും പിന്തുണയും നൽകേണ്ടത് സമൂഹത്തിന്റെയും സർക്കാരിന്റെയും കർത്തവ്യമാണ്. കർഷകന്റെ ബുദ്ധിമുട്ടും പ്രശ്നവും പരിഹരിക്കുന്നതിനായി വ്യക്തമായ ഇടപെടലുകൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും കൃഷിമന്ത്രി ശ്രീ പി.പ്രസാദ് അഭിപ്രായപ്പെട്ടു. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണകേന്ദ്രത്തിൽ ആരംഭിച്ച ആരോഗ്യ ക്ലിനിക്കു ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിലായിരുന്ന ചടങ്ങുകൾ നടന്നത്.




കാർഷിക മേഖലയിലെ പ്രശ്നങ്ങൾ മറ്റെല്ലാ മേഖലകളെയും ബാധിക്കുമെന്നതിനാൽ തന്നെ, ആ മേഖലയിലെ കുറവുകൾ കണ്ടെത്തി പരിഹരിക്കുന്നതിന് ശക്തമായ ഇടപെടലുകൾ ആവശ്യമാണ്. ആയതിനാൽ സസ്യ ആരോഗ്യ ക്ലിനിക്കുകൾ കാലഘട്ടത്തിന്റെ കൂടി ഒരാവശ്യകതയാണ്. എല്ലാ ജനങ്ങളും കൃഷിയിലേക്ക് ഇറങ്ങുന്നതിന് ഇത്തരം സംവിധാനങ്ങൾ പ്രയോജനപ്രദമായിരിക്കുമെന്നും മന്ത്രി പറഞ്ഞു. പ്രതിസന്ധി ഉണ്ടായപ്പോൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറി എത്തിക്കാൻ കഴിഞ്ഞെങ്കിലും വിലക്കയറ്റത്തിനും വിപണിയിലെ പ്രതിസന്ധിക്കും ഇതൊരു ശാശ്വത പരിഹാരമാകുന്നില്ല. അതിന് എല്ലാവരും കൃഷിയിലേക്ക് ഇറങ്ങേണ്ടത് ആവശ്യമാണ്. ഞങ്ങളും കൃഷിയിലേക്ക് എന്ന് ഓരോ കുടുംബവും നിശ്ചയിച്ചുകൊണ്ട് ലഭ്യമായ സ്ഥലത്ത് കൃഷി ചെയ്യുവാൻ തയ്യാറാകണം. പരിസ്ഥിതിക്ക് അനുയോജ്യമായ കൃഷിസമ്പ്രദായമുറകൾ വേണം നമ്മൾ അനുവർത്തിക്കേണ്ടത്. സംസ്ഥാനം കാർബൺ ഉലിതാ കൃഷിരീതി അനുവർത്തിക്കുന്നതിന് ആരംഭം കുറിച്ചിരിക്കുകയാണെന്നും മന്ത്രി സൂചിപ്പിച്ചു.

ചടങ്ങിൽ മികച്ച കർഷകനായ ശ്രീ സഹദേവനെ മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു.

കൃഷിയോടുള്ള അഭിനിവേശം പൊതുജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്നത് ആശാവഹമാണെന്ന് ചടങ്ങിൽ അധ്യക്ഷം വഹിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻറെ സാമ്പത്തിക സഹായത്തോടെയാണ് സസ്യാരോഗ്യ ക്ലിനിക്ക് പണി പൂർത്തീകരിച്ചത്.

വിളകളിലെ കീട രോഗ ബാധകൾ, സസ്യ മൂലകക്കുറവ്, മറ്റു പ്രശ്നങ്ങൾ എന്നിവ കൃത്യതയോടെ നിർണയിക്കുക, ആവശ്യമായ ശാസ്ത്രീയ പരിഹാരമുറകൾ ലഭ്യമാക്കുക എന്നതാണ് ക്ലിനിക്കിന്റെ ഉദ്ദേശലക്ഷ്യം. പരിശോധനകൾക്ക് പുറമേ ജലത്തിന്റെ ഗുണനിലവാര പരിശോധനകൾ കൂടി ക്ലിനിക് മുഖാന്തിരം ലഭ്യമാക്കും. വിള പരിപാലനത്തിനുള്ള സാങ്കേതിക ഉപദേശങ്ങൾക്ക് പുറമേ കൃഷിക്ക് ആവശ്യമായ പലവിധ ജൈവ ജീവാണുവള ഉത്പാദനം ഉപാധികളുടെ വിതരണത്തിനും ക്ലിനിക് ലക്ഷ്യമിടുന്നു. കൂടാതെ കർഷകർക്ക് പുതിയ കൃഷി അറിവുകൾ പകർന്നു കൊടുക്കുന്നതിനായുള്ള പരിശീലനങ്ങളും പലവിധ കാർഷിക പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും ക്ലിനിക്കിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുമെന്നും ഗവേഷണകേന്ദ്രം മേധാവി അറിയിച്ചു.

ചടങ്ങിൽ കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോ.ആർ. ചന്ദ്രബാബു മുഖ്യപ്രഭാഷണം നടത്തി. വാർഡ് കൗൺസിലർ ശ്രീ കരമന അജിത്ത്, കാർഷിക സർവകലാശാല രജിസ്ട്രാർ ഡോ. സക്കീർ ഹുസൈൻ, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ശ്രീമതി. ആരതി.എൽ.ആർ. IES, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുധ എന്നിവർ. സംസാരിച്ചു. പ്രാദേശിക കാർഷിക ഗവേഷണ വിഭാഗം മേധാവി ഡോ. റോയ് സ്റ്റീഫൻ ചടങ്ങിനു സ്വാഗതവും സ്ഥാപന മേധാവി ഡോ.ജേക്കബ് ജോൺ നന്ദിയും അറിയിച്ചു.

# വിലക്കയറ്റം പിടിച്ചുനിർത്താൻ സകുടുംബം കൃഷിയിലേക്കിറങ്ങണം : കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുള്ള ഏക മാർഗ്ഗം കുടുംബസമേതം എല്ലാവരും കൃഷിയിലേക്കിറങ്ങുക എന്നതാണ്. നടീൽ വസ്തുക്കൾ ഉൾപ്പെടെ എല്ലാ വിധ സഹായത്തിനുമായി കൃഷിവകുപ്പ് ഒപ്പമുണ്ടാകുമെന്ന് കൃഷിമന്ത്രി ശ്രീ പി പ്രസാദ് പറഞ്ഞു. പത്തനംതിട്ട കൈപ്പട്ടൂർ കൊല്ലായിൽ പാടശേഖരത്തിൽ തരിശുരഹിത വള്ളിക്കോട് പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി 62.5 ഏക്കർ തരിശ് നിലത്തിലെ ഞാറു നടീൽ ഉത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ആർ. മോഹനൻ നായരുടെ അധ്യക്ഷതയിലായിരുന്നു ചടങ്ങുകൾ നടന്നത്.



പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തിന് വളരെയധികം മുന്നേറ്റം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2016 ൽ 6.5 ലക്ഷം ടണ്ണായിരുന്നു ഉത്പാദനമെങ്കിൽ 2021 ൽ 15.7 ലക്ഷം മെട്രിക് ടൺ എത്തുകയുണ്ടായി. സാധ്യമായ തരിശു നിലങ്ങളിൽ നെൽകൃഷി ഇറക്കുന്നതിന് എല്ലാവിധ സാമ്പത്തിക സഹായവും കൃഷിവകുപ്പ് നൽകുമെന്നും മന്ത്രി പറഞ്ഞു. പത്തനംതിട്ട ശർക്കര അന്താരാഷ്ട്രവിപണിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. വാഴമട്ടം ശർക്കര പ്രാദേശികമായി പ്രശസ്തി നേടിയിട്ടുള്ള ഗുണമേന്മയുള്ള ശർക്കരയാണ്. വള്ളിക്കോട് പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ആരംഭിക്കുന്ന കരിമ്പ് കൃഷിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ഓമല്ലൂർ ശങ്കരൻ നിർവഹിച്ചു. ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന അടുക്കളതോട്ടം പച്ചക്കറിതൈ വിതരണ പദ്ധതിയുടെ ഉദ്ഘാടനം കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജിജി സജീവ് നിർവഹിച്ചു.

ചടങ്ങിൽ കർഷകതൊഴിലാളികളായ ശ്രീ കുട്ടി, കൊച്ചു ചെറുക്കൻ എന്നിവരെ മന്ത്രി ആദരിക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. നീതു ചാർലി, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ സോജി. പി ജോൺ, ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ കെ. ആർ. പ്രമോദ് ,സിപിഐ പത്തനംതിട്ട ജില്ലാ സെക്രട്ടറി ശ്രീ എ.പി ജയൻ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ ജോർജ് ബോബി പദ്ധതി വിശദീകരണം നടത്തി. വള്ളിക്കോട് ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ എം. പി. ജോസ് ചടങ്ങിനു സ്വാഗതവും കൃഷിഓഫീസർ ശ്രീ രഞ്ജിത്ത് കുമാർ. എസ് നന്ദിയും രേഖപ്പെടുത്തി.

# അനിമൽ ഐഡന്റിഫിക്കേഷൻ ട്രെയ്സബിലിറ്റി സംവിധാനം

സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പും കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സംയുക്തമായി അതിനൂതനമായ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച്ശാസ്ത്രീയമായ അനിമൽ ഐഡന്റിഫിക്കേഷൻ ട്രെയ്സബിലിറ്റി സംവിധാനവും ബൃഹത്തായ അനിമൽ ഡേറ്റാബേസും സൃഷ്ടിക്കുന്ന ഒരു സംവിധാനത്തിനു തുടക്കം കുറിക്കുന്ന പദ്ധതിയുടെ ധാരണാപത്രം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണിയുടെ സാന്നിദ്ധ്യത്തിൽ കൈമാറി.



# തിരുവനന്തപുരം നഗരസഭയിൽ തരിശുഭൂമിയിലെ കൃഷി പദ്ധതിയുടെ ഉദ്ഘാടനം

തിരുവനന്തപുരംനഗരസഭ ജന കീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നഗരസഭയുംകൃഷിഭ വനും ചേർന്ന് നടപ്പാക്കുന്ന തരിശുഭൂമി യിലെ കൃഷി പദ്ധതിയുടെ ഉദ്ഘാടനം ഐരാണിമുട്ടത്തെ നഗരസഭ ആരോഗ്യ കേന്ദ്ര വളപ്പിൽ നടന്നു. മന്ത്രിമാരായ ശ്രീ. പി. പ്രസാദ്, ശ്രീ. വി.ശിവൻകു ട്ടി, മേയർ ശ്രീമതി. ആര്യാരാജേന്ദ്രൻ എന്നിവരുടെ സാന്നിധ്യത്തിൽ പച്ച ക്കറിതൈ നടീൽ, കരനെൽകൃഷിയുടെ വിത്ത്‌വിതയ്ക്കൽ, വില്പന കേന്ദ്രം ഉദ്ഘാ ടനം എന്നിവ നടന്നു.



നാളികേര കൃഷിയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കേരകർഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയു ടെ ഉദ്ഘാടനം കങ്ങന്നൂർ ഗവ: യു.പി. സ്കൂളിൽ വെച്ച് കൃഷിവകുപ്പ് മന്ത്രി നിർവ്വഹിച്ചു. പരിപാടിയിൽ ബാലുശ്ശേ രി നിയോജക മണ്ഡലം എം.എൽ.എ. അഡ്വ: കെ.എം. സച്ചിൻ ദേവ് അദ്ധ്യക്ഷത വഹിച്ചു.




നാളികേര വികസനത്തിനായി നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി കൊടിയത്തൂർ പഞ്ചായത്തിലെ പന്നിക്കോട് എ.യു.പി സ്കൂളിൽ വച്ച് കൃഷി മന്ത്രി ശ്രീ പി.പ്രസാദ് ഉദ്ഘാടനം ചെയ്തു.




ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന കൃഷി ജീവനം കാർഷിക ശില്പശാലയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് നിർവഹിച്ചു



# പക്ഷിപ്പനി ആശങ്കയല്ല, ജാഗ്രതയാണ് വേണ്ടത്

**ഡോ അപർണ്ണ എസ്,**
വെറ്ററിനറി സർജൻ,
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസസ്, പാലോട്

കേരളത്തിൽ വീണ്ടും പക്ഷിപ്പനി സ്ഥിരീകരിച്ചിരിക്കുകയാണ്. കോട്ടയം ജില്ലയിലെ വെച്ചൂർ, അയ്മനം, കല്ലാർ എന്നീ പഞ്ചായത്തുകളിലും ആലപ്പുഴ ജില്ലയിലെ നെടുമുടി, പുറക്കാട്, കരുവാറ്റ, തകഴി തുടങ്ങിയ പഞ്ചായത്തുകളിലും ആണ് എച്ച് 5 എൻ 1 ഇനത്തിൽപ്പെട്ട പക്ഷിപ്പനി വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയിരിക്കുന്നത്. 2014 ലാണ് ആദ്യമായി കേരളത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചത്. ഇത് അഞ്ചാം തവണയാണ് കേരളത്തിൽ താറാവുകളിൽ നിന്നും ഈ വൈറസിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നത്. എച്ച് 5 എൻ 8 വിഭാഗത്തിൽ പെടുന്ന വൈറസിന്റെ സാന്നിദ്ധ്യം ഈ വർഷം ആരംഭത്തിൽ കോട്ടയത്തും ആലപ്പുഴയിലും കണ്ടെത്തിയിരുന്നു. ദേശാടന പക്ഷികളാണ് ഈ വൈറസ് വാഹകരായി കരുതപ്പെടുന്നത്. നവംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലാണ് ദേശാടനപക്ഷികൾ കേരളത്തിൽ എത്തുന്നത്. ഈ കാലയളവിൽ തന്നെയാണ് കേരളത്തിൽ പക്ഷിപ്പനി കണ്ടുവരുന്നതും. ദേശാടന പക്ഷികളുടെ കാഷ്ഠത്തിലൂടെയും സ്രവങ്ങളിലൂടെയും വിസർജ്ജിക്കപ്പെടുന്ന വൈറസുകൾ ജലാശയങ്ങളെയും മറ്റും രോഗാണുക്കളുടെ സ്രോതസ്സുകളാക്കി മാറ്റുന്നു. അവിടങ്ങളിൽ നിന്നും രോഗം താറാവുകളിലേക്കും കോഴികളിലേക്കും മറ്റ് വളർത്തുപക്ഷികളിലേക്കും പടരും. പക്ഷികളിൽ വളരെ പെട്ടന്ന് പടർന്നു പിടിക്കാനുള്ള കഴിവുള്ളതും മാരകവുമായ വൈറസാണിത്. എന്നാൽ മനുഷ്യരിലേക്ക് പടർന്നുപിടിക്കാനുള്ള സാധ്യത വളരെ കുറവാണ്. ഇന്ത്യയിൽ മനുഷ്യരിലേക്ക് പക്ഷിപ്പനി പടർന്നതിന്റെ ഏക സ്ഥിരീകരണം ഹരിയാനയിൽ ഒരു ബാലനിലുണ്ടായ രോഗബാധയാണ്.



രോഗാണുക്കൾ പക്ഷികളിലേക്ക് വളരെ പെട്ടന്ന് പടരാതിരിക്കുന്നതിനുവേണ്ടിയും ജനിതക മാറ്റം ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കാൻ വേണ്ടിയും പക്ഷിപ്പനി സ്ഥിരീകരിച്ചു കഴിഞ്ഞാൽ ആ സ്ഥലത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ വളർത്തു പക്ഷികളേയും കൊന്നൊടുക്കും. മാത്രമല്ല, 10 കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലത്ത് മുട്ടയുടേയും കോഴിയിറച്ചിയുടേയും ഉൽപാദനവും വിപണനവും എല്ലാം മൂന്നുമാസം നിരന്തര നിയന്ത്രണത്തിലാക്കും. ഈ കാലയളവിൽ നിയന്ത്രണ വിധേയമായ സ്ഥലത്ത് പക്ഷിപ്പനി തുടർന്ന് കണ്ടെത്താതിരുന്നാൽ മാത്രമേ പക്ഷികളെ വളർത്തുന്നതും അനുബന്ധ ഉൽപ്പന്നങ്ങളുടെ വിപണനവും എല്ലാം പുനരാരംഭിക്കുകയുള്ളൂ.

- 60 ഡിഗ്രീ സെന്റീഗ്രേഡിൽ 30 നിമിഷം ചൂടാക്കിയാൽ പക്ഷിപ്പനിക്ക് കാരണമായ വൈറസുകൾ നശിക്കും. ആയതിനാൽ മുട്ടയും കോഴിയിറച്ചിയും മറ്റും നന്നായി വേവിച്ച് കഴിക്കുക.
- മുട്ടയും കോഴിയിറച്ചിയും മറ്റും കൈകാര്യം ചെയ്തുകഴിഞ്ഞ് കൈകൾ നന്നായി സോപ്പിട്ട് കഴുകി വൃത്തിയാക്കുക
- മാംസവും മുട്ടയും കൈകാര്യം ചെയ്യാനുപയോഗിക്കുന്ന പാത്രങ്ങൾ വൃത്തിയായി സോപ്പിട്ട് കഴുകുക
- ഫ്രിഡ്ജിൽ സൂക്ഷിക്കുന്നതിനുമുൻപ് പാചകം ചെയ്യാത്ത മുട്ട കഴുകി വൃത്തിയാക്കുക.
- പക്ഷികളെ വളർത്തുന്ന ഫാമുകളിൽ ജൈവസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
- രോഗബാധയുള്ള സ്ഥലങ്ങളിലെ വളർത്തുപക്ഷികളെ കൈകാര്യം ചെയ്യുമ്പോൾ കൈയ്യുറയും മാസ്കും മറ്റ് വ്യക്തിസുരക്ഷാ ഉപകരണങ്ങളും ഉപയോഗിക്കുക
- 2 ശതമാനം വീര്യമുള്ള സോഡിയം ഹൈഡ്രോക്സൈഡ് ലായനി, പൊട്ടാസ്യം പെർമാൻഗനേറ്റ് ലായനി, കുമ്മായം തുടങ്ങിയവ അണുനാശിനികളായി ഉപയോഗിക്കാവുന്നതാണ്.



ഫിറോഷ് എ.എസ്.
അസി. സോയിൽ കെമിസ്റ്റ്

# ഡിസംബർ 5 അന്താരാഷ്ട്ര മണ്ണ്ദിനം

മനുഷ്യന്റെ നിലനിലപ്പിന് വായുവും വെള്ളവും അത്യാവശ്യമാണ്. അനന്തമായ ജീവന്റെ ഉറവിടമാണ് മണ്ണ്. മണ്ണിന്റെ മൂന്നിലൊന്ന് ഭാഗത്തോളം മൂല്യശോഷണം സംഭവിച്ചതായി ലോക ഭക്ഷ്യസംഘടന സൂചിപ്പിക്കുന്നു. അതിനാൽ ജീവദായിയായ മണ്ണിനെ പരിരക്ഷിയ്ക്കേണ്ടതുണ്ട്. ലോകഭക്ഷ്യസംഘടനയുടെ 2013 ജൂണിൽ നടന്ന, സമ്മേളനത്തിൽ 2002 മുതൽ ആരംഭിച്ച രീതിയിൽ എല്ലാവർഷവും ഡിസംബർ അഞ്ച് അന്താരാഷ്ട്ര മണ്ണ് ദിനമായി ആചരിക്കുന്നു. മണ്ണ് മനുഷ്യ ജിവിതത്തിന്റെ അടിസ്ഥാന ഘടകമാണെന്നും അതിന്റെ സംരക്ഷണം വളരെ പ്രാധാന്യമേറിയതാണെന്നുമുള്ള സന്ദേശം മുൻതിർത്തി മണ്ണിന്റെ പരിപാലനത്തിൽ വർദ്ധിച്ചു വരുന്ന വെല്ലുവിളികളെ അഭിമുഖീകരിച്ച് ആരോഗ്യകരമായ ആവാസവ്യവസ്ഥയും ജീവജാലങ്ങളുടെ ക്ഷേമവും നിലനിർത്തുന്നതിന്റെ പ്രാധാന്യത്തെകുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ദിനാഘോഷ ലക്ഷ്യം. 2013 ഡിസംബർ 20 ന് നടന്ന യു. എൻ. ജനറൽ അസംബ്ലി 2015 അന്താരാഷ്ട്ര മണ്ണ വർഷമായും ഡിസംബർ അഞ്ച് അന്താരാഷ്ട്ര മണ്ണ്ദിനമായും പ്രഖ്യാപിച്ചു.

മണ്ണിൽ ലവണാംശം കുറയ്ക്കുക മണ്ണിന്റെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് 2021 വർഷത്തെ സന്ദേശം. 2021 വർഷം ലോക മണ്ണ്ദിനം 29/11/2021 മുതൽ 5/12/2021 വരെ വാരാഘോഷമായി നടത്താനുള്ള നിർദ്ദേശപ്രകാരം തിരുവനന്തപുരം സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാല മണ്ണ് ദിന സെമിനാറും കേരളത്തിലെ വിവിധയിനം മണ്ണിനങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രദർശനം, സൗജന്യ മണ്ണ് പരിശോധന ക്യാംമ്പയിൻ എന്നിവയും സംഘടിപ്പിച്ചു. കർഷകരുടെ മണ്ണ സാംപിളുകൾ പരിശോധിച്ച് അന്നേ ദിവസം തന്നെ പരിശോധന ഫലവും വളം ശുപാർശയും നൽകുകയും ചെയ്തു.

# കാർഷിക മേഖലയിൽ പുത്തൻ പരീക്ഷണം

കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, പാലക്കാടൻ നായർ തറവാട് അസോസിയേഷൻ, ആത്മ പാലക്കാട് സംയുക്തമായി, കാർഷിക രംഗത്ത് സമ്പൂർണ്ണ യന്ത്ര വൽക്കരണത്തിന്റെ ഭാഗമായി ശാസത്രീയമായി വള പ്രയോഗം നടത്തുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള കാർഷിക യന്ത്ര ങ്ങളുടെ പ്രദർശനവും ഡെമോൺ സ്ട്രേഷനും നെന്മാറ MLA ശ്രീ. കെ.ബാബു ഉദ്ഘാടനം ചെയ്തു. വടവന്നൂർ ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ പരിധിയിലെ തറക്കളം, മീനിക്കോട് പാടശേഖരത്തിൽ നടന്ന പരിപാടിയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.എസ്. സക്കീർ ഹുസൈൻ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. പ്രവീൺ, ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ.പി.എ.രാജീവ്, ആത്മ അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ബിന്ദു , പട്ടാമ്പി K V K ഹെഡ് Dr. K.V സുമയ്യ, കേരള കാർഷിക സർവകലാശാല അസിസ്റ്റൻറ് പ്രൊഫസർ സുമ, വടവന്നൂർ കൃഷി ഓഫീസർ ശ്രീ ബഷീർ അഹമ്മദ്, കൊല്ലങ്കോട് കൃഷി ഓഫീസർ N G വ്യാസ്, പുതുനഗരം കൃഷി ഓഫീസർ റീജ, കൊടുവായൂർ കൃഷി ഓഫീസർ സജ്ന പെരുവമ്പ് കൃഷി ഓഫീസർ അരുൺ ടി ടി കൃഷി അസിസ്റ്റൻറ് മാർ, ആത്മ ലീഡ്സ്, ക്രോപ്പ് ഹെൽത്ത് ജീവനക്കാർ, കർഷകർ പരിപാടിയിൽ പങ്കെടുത്തു.

പാലക്കാട് നായർ തറവാട് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. P. രാമചന്ദ്രമേനോൻ മെഷീനുകളുടെ പ്രവർത്തന രീതിയെ പ്പറ്റിയും ഇതിന്റെ ഗുണഗണങ്ങളെപ്പറ്റിയും വിശദീകരിച്ചു. അതിന് ശേഷം മെഷീനുകളുടെ പ്രദർശനവും രണ്ടേക്കർ പാടത്ത് വളപ്രയോഗവും നടത്തി.

വിളവെടുക്കുന്നത് വരെ വടവന്നൂർ കൃഷി ഓഫീസർ, ആത്മ ലീഡ്സ് എന്നിവരുടെ സഹകരണത്തോടെ ശാസത്രീയ പഠനം നടത്തും. അടുത്ത വിള മുതൽ പാലക്കാട് ജില്ല മുഴുവൻ വ്യാപിപ്പിക്കാനാണ് ശ്രമമെന്ന് പ്രസിഡന്റ് അറിയിച്ചു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh